**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2901** **12-07-2022 - ൽ മറുപടിയ്ക്ക്**

**തവനൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകൾക്കുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകൾക്കുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | 1. പദ്ധതിയുടെ ഭാഗമായി റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>2. ജല ശുദ്ധീകരണശാല സ്ഥാപിക്കുന്ന തൃപ്രങ്ങോട് പഞ്ചായത്തിലെ അന്നാശ്ശേരി ഭാഗത്ത് പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം അതിരുകൾ തിരിച്ച് കൈമാറേണ്ടതുണ്ട്.<br><br>കൂടാതെ പ്രസ്തുത സ്ഥലത്തേക്ക് 4 മീറ്റർ വീതിയിൽ വഴിയും ലഭ്യമാകേണ്ടതുണ്ട്.<br><br>3. പുറത്തൂർ പഞ്ചായത്തിൽ ഉപരിതല ജല സംഭരണി സ്ഥാപിക്കുന്ന സ്ഥലം പഞ്ചായത്തിൽനിന്നും കൈമാറികിട്ടേണ്ടതുണ്ട്. ഈ കാര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്യാനാകും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതിതുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (25.06.2022 വരെ) |
|---|---|---|---|---|
| 1 | മംഗലം | 4640 | 4414.86 | 42 |
| 2 | പുറത്തൂർ | 7748 | 7480.93 | 0 |
| 3 | തൃപ്പങ്ങോട് | 10824 | 10450.90 | 0 |
| | **ആകെ** | **22312** | **22347** | **42** |